"ഭരണഭാഷ – മാതൃഭാഷ"
കേരളം സംസ്ഥാനം
വ്യാവസായിക പരിശീലന വകുപ്പ്
ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ, തിരുവനന്തപുരം: 33,
ഫോൺ : 0471-2303856 , ഇമെയിൽ :cru.dttvpm@kerala.gov.in

---

നം. ഡിറ്റി/2968/2026 - എ5 തീയതി :31-08-2026

---

പ്രേഷകൻ

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സ്വീകർത്താവ്

എല്ലാ സ്ഥാപന മേധാവികൾക്കും
(വകുപ്പ് വെബ്സൈറ്റ് മുഖേനെ)

മാഡം / സർ

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - നിയമസഭാ ചോദ്യങ്ങൾക്ക് സമാഹൃത മറുപടി (Consolidated Answer) നൽകുന്നതിന് ആവശ്യമായ വിവരങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- പാർലമെന്ററികാര്യ (എ) വകുപ്പിന്റെ 03/08/2026 തീയതിയിലെ പിഎഡി എ2/56/2026-പാ.കാ.വ നം. സർക്കുലർ.

**************

നിയമസഭാ സമ്മേളനങ്ങളിൽ സമാഹൃത മറുപടി ആവശ്യമായ ചോദ്യങ്ങൾക്ക് സമ്മേളന കാലയളവിൽ തന്നെ വിവരങ്ങൾ ശേഖരിച്ച് മറുപടി ലഭ്യമാക്കുന്നതിൽ സംഭവിക്കുന്ന കാലതാമസം ഒഴിവാക്കുന്നത് സംബന്ധിച്ച സൂചനയിലെ സർക്കുലർ അറിവിലേക്കും നിർദ്ദേശങ്ങൾ പാലിക്കുന്നതിലേയ്ക്കുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് അയയ്ക്കുന്നു.

Digitally signed by
D MENEKSH PRASAD
Date: 31-08-2026
23:18:49

വിശ്വസ്തതയോടെ,

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

ഉള്ളടക്കം : സൂചന പകർപ്പ്

പകർപ്പ്: ആസ്ഥാന കാര്യാലയത്തിലെ എല്ലാ സെക്ഷൻ സൂപ്രണ്ട്മാർ, യൂണിറ്റ്

ഓഫീസർമാർ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം-പിഎഡി എ2/56/2026-പാ.കാ.വ

പാർലമെന്ററികാര്യ (എ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 03-08-2026

<u>സർക്കുലർ</u>

വിഷയം:- പാർലമെന്ററികാര്യ വകുപ്പ് - നിയമസഭാ ചോദ്യങ്ങൾക്ക് സമാഹൃത മറുപടി (Consolidated Answer) നൽകുന്നതിന് ആവശ്യമായ വിവരങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്

നിയമസഭാ സമ്മേളനങ്ങളിൽ സമാഹൃത മറുപടി ആവശ്യമായ ചോദ്യങ്ങൾക്ക് സമ്മേളന കാലയളവിൽ തന്നെ വിവരങ്ങൾ ശേഖരിച്ച് മറുപടി (Consolidated Answer) ലഭ്യമാക്കുന്നതിൽ സംഭവിക്കുന്ന കാലവിളംബം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം ചോദ്യങ്ങൾ വിവരം ശേഖരിക്കുന്നതിനായി വിവിധ ഭരണ വകുപ്പുകൾക്കും ഡയറക്ടറേറ്റുകൾക്കും കൈമാറി നൽകാറുണ്ട്. എന്നാൽ, നിർദ്ദിഷ്ട വിവരങ്ങൾ സമയബന്ധിതമായി നൽകുന്നതിൽ ബന്ധപ്പെട്ട വകുപ്പുകളും ഡയറക്ടറേറ്റുകളും മതിയായ ശ്രദ്ധ പുലർത്താത്തതിനാൽ മിക്ക ചോദ്യങ്ങൾക്കും നിയമസഭാ സമ്മേളന കാലയളവിനുള്ളിൽ മറുപടി നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ടാകുന്നു. ഇത് ഫയലുകൾ ദീർഘനാൾ തീർപ്പാക്കാതിരിക്കുന്നതിനും, കാലതാമസപത്രിക സമർപ്പിക്കേണ്ട സാഹചര്യത്തിനും കാരണമാകുന്നു. ബന്ധപ്പെട്ട വകുപ്പുകളും ഡയറക്ടറേറ്റുകളും മതിയായ ശ്രദ്ധ പുലർത്തുന്ന പക്ഷം ഭൂരിഭാഗം ചോദ്യങ്ങൾക്കും നിയമസഭാ സമ്മേളനകാലത്ത് തന്നെ അന്തിമ മറുപടി നൽകുവാൻ സാധിക്കുന്നതാണ്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ, നിയമസഭാ ചോദ്യങ്ങൾക്ക് കൃത്യസമയത്ത് സമാഹൃത മറുപടി ലഭ്യമാക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1). നിയമസഭാ ചോദ്യങ്ങൾക്ക് സമാഹൃത മറുപടി നൽകുന്നതിനായി വിവരങ്ങൾ ആവശ്യപ്പെട്ട് അറിയിപ്പുകൾ ലഭിക്കുമ്പോൾ സെക്രട്ടറിയേറ്റിലെ പൊതു ഭരണം, നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ ഭരണ വകുപ്പുകളും അതിന് മതിയായ പ്രാധാന്യം നൽകി സമയബന്ധിതമായി വിവരങ്ങൾ കൈമാറേണ്ടതാണ്.

(2). ഡയറക്ടറേറ്റുകൾ , കമ്പനി / കോർപ്പറേഷൻ / ബോർഡ് / ഉൾപ്പെടെ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ വരുന്ന എല്ലാ സ്ഥാപനങ്ങളിലെയും മേധാവികൾ നിയമസഭാ ചോദ്യ പിരിവുകളിൽ ആവശ്യപ്പെടുന്ന റിപ്പോർട്ട് / വിശദാംശം എന്നിവ സമയബന്ധിതമായി നിയമസഭാ ചോദ്യത്തിന് മറുപടി തയ്യാറാക്കേണ്ട ഭരണ വകുപ്പിന് ഉചിത രൂപേണ ലഭ്യമാക്കേണ്ടതാണ് (ഡയറക്ടറേറ്റുകളിൽ നിന്നും ഭരണ വകുപ്പുകൾക്കും, ഭരണ വകുപ്പുകളിൽ നിന്ന്

പാർലമെന്റ് സെക്ഷൻ മുഖേന നിയമസഭാ ചോദ്യത്തിന് മറുപടി തയ്യാറാക്കേണ്ട ഭരണ വകുപ്പിനും എന്ന ക്രമത്തിൽ ).

(3). സമാഹരിച്ച് മറുപടി നൽകേണ്ടതും എന്നാൽ സമയ പരിധി പാലിച്ച് മറുപടി ലഭിക്കില്ലെന്ന് ബോധ്യമാകുന്ന സംഗതികളിൽ ബന്ധപ്പെട്ട ഭരണ വകുപ്പിലെ അണ്ടർ സെക്രട്ടറി തലം മുതലുള്ള ഓഫീസർ പാർലമെന്റ് വകുപ്പിലെ നോഡൽ ഓഫീസർ ഉൾപ്പെടെ ബന്ധപ്പെട്ട വകുപ്പുകളിലെ/ സ്ഥാപനങ്ങളിലെ മേധാവികളെ ഉൾപ്പെടുത്തി യോഗം നടത്തി, നടപടി ത്വരിതപ്പെടുത്തി ചോദ്യങ്ങൾക്ക് സമാഹൃത മറുപടി തയ്യാറാക്കേണ്ട വകുപ്പിന് രണ്ട് ദിവസത്തനകം വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

(4). എല്ലാ വകുപ്പ് തലവന്മാരും തങ്ങളുടെ കീഴിലുള്ള ഉദ്യോഗസ്ഥർ സർക്കുലർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

എം ജി രാജമാണിക്കം

സെക്രട്ടറി

(1).സെക്രട്ടറിയേറ്റിലെ പൊതുഭരണം/ നിയമം/ ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും ( ഇ ഓഫീസ് നോട്ടീസ് ബോർഡ് മുഖേന).

(2). വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

(3). ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Digitally signed by
Sreeja J K
Date: 05-08-2026
11:06:51

സെക്ഷൻ ഓഫീസർ